"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- ആർ.കെ.ഐ- പി.എം.യുവിൽ ക്ലർക്ക് തസ്തികയിൽ നിയമിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ശ്രീ. രഞ്ജിത് രാജ്, ശ്രീ. രജീഷ്. ജെ എന്നിവരുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

I/6282603/2024 തീയതി,തിരുവനന്തപുരം, 22-07-2024

പരാമർശം:-

1. സ.ഉ(സാധാ) നമ്പർ 1499/2023/തസ്വഭവ തീയതി 22.07.2023
2. തദ്ദേശ സ്വയംഭരണ വകുപ്പ് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പി.എം.യു പ്രോജക്റ്റ് ഡയറക്ടർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയ 06.05.2024 ലെ A1/336/2020/PMULSGD നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.06.2024 ലെ LSGD/PD/19634/2024-DEC3 നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പി.എം.യു പ്രോജക്റ്റ് ഡയറക്ടറുടെ 26.06.2024 ലെ A1/336/2020/PMULSGD നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ക്ലർക്ക്മാരായ ശ്രീ. രഞ്ജിത്ത് രാജ് (പെൻ 800499), ശ്രീ. രജീഷ്. ജെ (പെൻ 863776) എന്നിവരുടെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പി. എം. യു. വിൽ ക്ലർക്ക് തസ്തികയിലുള്ള അന്യത്ര സേവന കാലാവധി യഥാക്രമം 13.06.2024, 21.07.2024 എന്നീ തീയതികളിൽ പൂർത്തിയായി. ശ്രീ. രഞ്ജിത്ത് രാജ്, ശ്രീ. രജീഷ്. ജെ എന്നിവർ സമർപ്പിച്ച willingness- ന്റെയും PMU പ്രോജക്റ്റ് ഡയറക്ടറുടെ പരാമർശം(2) പ്രകാരമുള്ള അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ ഇവരുടെ സേവനം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് എതിർപ്പില്ല എന്ന് പരാമർശം(3) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ആർ.കെ.ഐ പി.എം.യു വിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ക്ലർക്ക്മാരായ ശ്രീ. രഞ്ജിത്ത് രാജ് (പെൻ 800499), ശ്രീ. രജീഷ്. ജെ (പെൻ 863776) എന്നിവരുടെ സേവന കാലാവധി യഥാക്രമം 14.06.2024, 22.07.2024 തീയതികൾ മുതൽ നിലവിലെ അന്യത്ര സേവനം സംബന്ധിച്ച വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുനൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHARAF A

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രോജക്ട് ഡയറക്ടർ, PMU RKI LSGD
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ. IKM
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 22-07-2024 11:56:44